## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.249 | 07.11.2019-ൽ മറുപടിക്ക്

### കടലാക്രമണഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. രാജൻ<br>,, ഇ.കെ.വിജയൻ<br>,, ജി.എസ്.ജയലാൽ<br>ശ്രീമതി സി.കെ. ആശ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കാലാവസ്ഥയിലുണ്ടായ മാറ്റങ്ങളുടെ ഫലമായി ഈ വർഷം കടലാക്രമണത്തിന്റെ തോത് വർദ്ധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കാലാവസ്ഥയിലുണ്ടായ മാറ്റങ്ങളുടെ ഫലമായി കടലാക്രമണത്തിന്റെ തോത് വർദ്ധിച്ചത് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് മുഖേന പഠനങ്ങൾ നടത്തിയിട്ടില്ല. |
| (ബി) | കടലാക്രമണത്തിൽ സംസ്ഥാനത്തുണ്ടാകുന്ന നാശനഷ്ടങ്ങൾ സംബന്ധിച്ച് ശരിയായ വിലയിരുത്തൽ നടത്താറുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കടലാക്രമണത്തിൽ മത്സ്യത്തൊഴിലാളികളുടെ വീടുകൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ വിലയിരുത്താറുണ്ട്. |
| (സി) | വേലിയേറ്റ രേഖയിൽ നിന്നും അൻപത് മീറ്ററിനുള്ളിൽ താമസിക്കുന്ന, നിരന്തരം കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റിത്താമസിപ്പിക്കുമോ; | (സി) | വേലിയേറ്റ രേഖയിൽ നിന്നും അൻപത് മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. അതു നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ഡി) | കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ മാറ്റി പാർപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.<br>1) 2016-17 കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം - പ്രത്യേക പാക്കേജ് പ്രകാരം 248 കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം.<br>2) ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2017-18) ഭവന പദ്ധതി പ്രകാരം തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. 750 പേർക്കാണ് ധനസഹായം അനുവദിക്കുന്നത്.<br>3) കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ളാറ്റുകൾ നിർമ്മിച്ച |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്.<br>4) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 772 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായി (2018-19) ൽ 78.20- കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫ്ലാറ്റുകളുടെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. |
| (ഇ) | കടലാക്രമണം സ്ഥിരമായി ഉണ്ടാകുന്ന മേഖലകളിൽ ഇതിനെ പ്രതിരോധിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ഇ) | കടലാക്രമണം സ്ഥിരമായി ഉണ്ടാകുന്ന മേഖലകളിൽ ഇതിനെ പ്രതിരോധിക്കുന്നതിന് കടൽഭിത്തി കെട്ടുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ ജലവിഭവ വകുപ്പ് മുഖേനയാണ് നടപ്പാക്കുന്നത്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേക്ക് പുനരധിവസിപ്പിക്കുന്നതിനായി പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന്റെ ഭാഗമായി 2450 കോടി രൂപയുടെ പദ്ധതിയിൽ 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ